## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-3857 15.12.2014-ൽ മറുപടിക്ക്

### കേസ്സുകൾ പിൻവലിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കാസർകോട് ജില്ലയിൽ നിന്ന് കേസ്സുകൾ പിൻവലിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകളിൽ തീരുമാനമായിട്ടുണ്ട്; അനുകൂലവും പ്രതികൂലവുമായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) 946 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്, ഇതിൽ 777 അപേക്ഷകളിൽ തീരുമാനമെടുത്തി ട്ടുണ്ട്; 483 അപേക്ഷകളിൽ അനുകൂല മായ തീരുമാനം എടുത്തിട്ടുള്ളതാണ്. |
| (ബി) ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ കേസ്സുകൾ പിൻവലിക്കാറുള്ളത്; കാസർകോട് ജില്ലാ പോലീസ് മേധാവിയോട് എത്ര അപേക്ഷകളിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്; ഇതുവരെ ആവശ്യപ്പെട്ടതും ലഭിച്ചതുമായ റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ തീയതികളടക്കം വ്യക്തമാക്കാമോ; | (ബി) പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുന്നതിന് സർക്കാരിന് ലഭിക്കുന്ന എല്ലാ അപേക്ഷകളിന്മേലും ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. ടി കേസുകൾ പൊതുതാല്പര്യത്തിന് വിരുദ്ധമല്ലെന്ന് സർക്കാരിന് തോന്നുന്ന പക്ഷം കോടതിയുടെ അനുമതിയോടെ കേസ് പിൻവലിക്കുന്നതിന് സർക്കാർ സമ്മതപത്രം നൽകാറുള്ളതാണ്. കാസർഗോഡ് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിക്കാത്ത തിനാൽ 169 കേസുകളിൽ തീരുമാനമെടുക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ